# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.696** — **04.11.2016 ൽ മറുപടിക്ക്**

### റസ്റ്റ്ഹൗസുകളുടെ നിലവാരം ഉയർത്താൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.ജോർജ്ജ് എം.തോമസ്<br>ശ്രീ.പി.വി.അൻവർ | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ്ഹൗസുകളുടെ സ്ഥിതി അവലോകനം ചെയ്തിട്ടുണ്ടോ; ഇവയുടെ നിലവാരം ഉയർത്താനായി പദ്ധതിയുണ്ടോ; | (എ) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ്ഹൗസുകളുടെ സ്ഥിതി അവലോകനം ചെയ്തിട്ടുണ്ട്. ഇവയുടെ അറ്റകുറ്റപ്പണികൾ തീർക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതും ഉള്ളവർ തന്നെ ഹോസ്പിറ്റാലിറ്റിയിൽ യാതൊരു താല്പര്യമോ പരിചയമോ ഇല്ലാത്തവരുമാണെന്ന സ്ഥിതിക്ക് മാറ്റമുണ്ടാക്കാനായി ഇടപെടൽ നടത്തുമോ; | (ബി) | റസ്റ്റ് ഹൗസുകളിൽ നിലവിൽ ഒരു സ്റ്റാൻഡേർഡ് സ്റ്റാഫ് പാറ്റേൺ നിലവിലില്ല. ജീവനക്കാരുടെ എണ്ണം ഉയർത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. ഹോസ്പിറ്റാലിറ്റിക്ക് വേണ്ടി പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (സി) | വിനോദ സഞ്ചാര വികസനത്തിനു മുതൽക്കൂട്ടാകുന്ന തരത്തിൽ ഇവയെ പുന:സംഘടിപ്പിക്കുമോ; മുറികൾ ഓൺലൈനായി ബുക്കു ചെയ്യുവാൻ സംവിധാനം ഒരുക്കി അഴിമതിക്കുള്ള സാധ്യത ഇല്ലാതാക്കാൻ നടപടിയുണ്ടാകുമോ; | (സി) | വിനോദ സഞ്ചാര വികസനത്തിനു മുതൽക്കൂട്ടാകുന്ന തരത്തിൽ ഇവയെ പുന:സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്. ഓൺലൈനായി റസ്റ്റ്ഹൗസുകളിൽ മുറി ബുക്കു ചെയ്യുവാൻ എല്ലാ റസ്റ്റ് ഹൗസുകളിലും കംപ്യൂട്ടറും ഇന്റർനെറ്റ് കണക്ഷനും ലഭ്യമാക്കേണ്ടതുണ്ട്. ആയതിന് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഏതെങ്കിലും റസ്റ്റ്ഹൗസുകൾ പാട്ടത്തിന് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; ഇത്തരം പാട്ടക്കരാർ റദ്ദ് ചെയ്ത് | (ഡി) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ അധീനതയിലുള്ള ആലുവ, വൈക്കം, മൂന്നാർ റസ്റ്റ് ഹൗസുകൾ പാട്ടത്തിന് നൽകിയിട്ടുണ്ട്. |

| | |
|---|---|
| അവ ഏറ്റെടുക്കാൻ നടപടിയെടുക്കുമോ; | പാട്ടക്കരാർ റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവ് റസ്റ്റ് ഹൗസുകൾ ഏറ്റെടുത്തവർക്ക് നൽകിയിരുന്നു-വെങ്കിലും മൂന്നാർ റസ്റ്റ്ഹൗസ്, ആലുവ റസ്റ്റ്ഹൗസ് എന്നിവ ഏറ്റെടുത്തവർ ബഹു. ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങി തുടരുകയാണ്. ഇതിനെതിരെ counter affidavit കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. വൈക്കം റസ്റ്റ് ഹൗസ് പാട്ടത്തിനെടുത്തയാളുടെ അപേക്ഷ പ്രകാരം ബഹു.ഹൈക്കോടതി ആർബിട്രേറ്ററെ നിയമിക്കുകയും, 20,88,798/- രൂപ സർക്കാരിലേക്ക് അടയ്ക്കാൻ നിർദ്ദേശിച്ചുവെങ്കിലും ഈ തുക അടച്ചിട്ടില്ല. ടി തുക ഈടാക്കുന്നതിന് വിധിനടത്തുഹർജി ഫയൽ ചെയ്യുന്നതിനായി കോട്ടയം ജില്ലാ ഗവൺമെന്റ് പ്ലീഡർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ റസ്റ്റ് ഹൗസുകൾ വ്യക്തികൾ തട്ടിയെടുത്ത് ബിസിനസ്സ് നടത്തുന്ന തെറ്റായ ഇടപാടുകൾ സംബന്ധിച്ച് സർക്കാർ ഉന്നതതല അന്വേഷണം നടത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**